പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

## പോലീസ് സ്റ്റേഷന്റെ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് നൽകുന്ന നടപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 112 26/02/2018-ൽ മറുപടിക്ക്

**ചോദ്യം**
ശ്രീ.ടി.വി.ഇബ്രാഹിം

**മറുപടി**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പോലീസ് സ്റ്റേഷന്റെ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് നൽകുന്ന നടപടികൾ ഏത ഘട്ടത്തിലാണെന്നറിയിക്കാമോ; | (എ) | 21/10/2017-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.211/2017/ആഭ്യന്തരം പ്രകാരം 196 സർക്കിൾ ഇൻസ്പെക്ടർമാർക്ക് എസ്.എച്ച്.ഒ.മാരുടെ ചുമതല നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സർക്കിൾ ഇൻസ്പെക്ടർമാർക്ക് സ്റ്റേഷൻ ചുമതല നൽകിയത് എന്നറിയിക്കാമോ; | (ബി) | പോലീസിൽ പരിഷ്കരണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾക്കായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് കെ.ടി. തോമസ് കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിലും, കുറ്റാന്വേഷണവും നിയമപരിപാലനവും രണ്ടായി വിഭജിക്കുമ്പോൾ സബ് ഇൻസ്പെക്ടർ പദവിയിലുള്ള രണ്ട് ഉദ്യോഗസ്ഥർ ഓരോ പോലീസ് സ്റ്റേഷനിലും ഉണ്ടാകേണ്ടി വരുമെന്നതിനൊപ്പം അവരുടെ മേൽനോട്ടം വഹിക്കുന്നതിന് ഉയർന്ന റാങ്കിലുള്ള ഓഫീസറുടെ സേവനം ലഭ്യമാകേണ്ടതുണ്ട് തുടങ്ങിയ മാനദണ്ഡങ്ങളാണ് പരിഗണിച്ചിട്ടുള്ളത്. |
| (സി) | എല്ലാ സ്റ്റേഷനുകളുടെയും ചുമതല ഇപ്രകാരം നൽകിയിട്ടുണ്ടോ; | (സി) | നൽകിയിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ ബാക്കിയുള്ള സ്റ്റേഷനുകളിൽ നടപ്പിലാക്കാൻ പോകുന്ന സംവിധാനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ഡി) | എല്ലാ സ്റ്റേഷനുകളിലും സി.ഐ.മാരെ എസ്.എച്ച്.ഒ.മാരാക്കുന്നതിനുള്ള നടപടി ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) | ഇപ്രകാരം ഭരണ സംവിധാനങ്ങളിൽ മാറ്റം വരുത്തുമ്പോൾ ഡി.വൈ.എസ്.പിമാർക്ക് അധികജോലി ഭാരം ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ? | (ഇ) | ഇപ്രകാരം ഭരണ സംവിധാനത്തിൽ മാറ്റം വരുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ അവലോകനം നടത്തി ആവശ്യമെങ്കിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ